ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:10.05.2024**

## പ്രധാനവാർത്തകൾ

1. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന് സുപ്രീംകോടതി ജൂൺ ഒന്ന് വരെ ഇടക്കാല ജാമ്യം അനുവദിച്ചു.മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട ഇ.ഡി കേസിലാണ് ഉപാധികളോടെ ജാമ്യം.

2. ലോക്സഭാ തെരഞ്ഞെടുപ്പിൻറെ വിവിധ ഘട്ടങ്ങളിലേക്കുള്ള പ്രചാരണം രാജ്യത്ത് പുരോഗമിക്കുന്നു. വോട്ടിങ് ശതമാനം പുറത്തു വിടുന്നതിലെ കാലതാമസം സംബന്ധിച്ച കോൺഗ്രസിന്റെ ആരോപണങ്ങൾ തള്ളി തിരഞ്ഞെടുപ്പ് കമ്മീഷൻ

3. കേരളത്തിൽ ഈ അക്കാദമികവർഷം മുതൽ നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു.

4. സംസ്ഥാനത്ത് വീണ്ടും സൂര്യാഘാതമേറ്റ് മരണം. തിരുവനന്തപുരം പാറശ്ശാലയിൽ കെട്ടിടനിർമ്മാണ തൊഴിലാളിയാണ് കുഴഞ്ഞുവീണ് മരിച്ചത്.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.

*****************

RNU TVPM

## കെജ്രിവാൾ

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന് സുപ്രീംകോടതി ഇടക്കാല ജാമ്യം അനുവദിച്ചു. മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട ഇ.ഡി കേസിൽ ജൂൺ ഒന്ന് വരെയാണ് ഉപാധികളോടെ 21 ദിവസത്തെ ജാമ്യം അനുവദിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പ് പ്രചാരണം നടത്തുന്നതിനായി ജാമ്യം അനുവദിക്കണമെന്നാണ് അദ്ദേഹം സുപ്രീം കോടതിയോട് ആവശ്യപ്പെട്ടത്. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരാണ് ഹർജി പരിഗണിച്ചത്. എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ജാമ്യാപേക്ഷയെ ശക്തമായി എതിർത്തു. അരവിന്ദ് കെജ്രിവാളിൻറെ അറസ്റ്റ് വൈകിപ്പിച്ചതിൽ ഇ.ഡിയ്ക്ക് നേരേ കോടതി വിമർശനം ഉന്നയിച്ചു. മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രിയ്ക്ക് എതിരെ 2022 ഓഗസ്റ്റിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തെങ്കിലും, അറസ്റ്റ് ചെയ്യാൻ 2024 മാർച്ച് 21 വരെ വൈകിയത് എന്തുകൊണ്ടാണെന്ന് കോടതി ആരാഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസോ, ഡൽഹി സെക്രട്ടേറിയേറ്റോ സന്ദർശിക്കരുത്, ഔദ്യോഗിക ഫയലുകളിൽ ഒപ്പിടരുത് തുടങ്ങിയ ഉപാധികളോടെയാണ് ജാമ്യം. എന്നാൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ അരവിന്ദ് കെജ്രിവാളിന് പങ്കെടുക്കാം.

*****************

## കേജ്രിവാൾ - പ്രതികരണം

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന് ജാമ്യം നൽകിയ സുപ്രീം കോടതി തീരുമാനം, ഭരണഘടനയിൽ വിശ്വാസമുള്ള എല്ലാവർക്കും പ്രതീക്ഷയ്ക്ക് വകനൽകുന്നതാണെന്ന് ആം ആദ്മി പാർട്ടി നേതൃത്വം പ്രതികരിച്ചു. തീരുമാനം, ജനാധിപത്യത്തെ അട്ടിമറിക്കാനുള്ള നീക്കത്തിനേറ്റ തിരിച്ചടിയാണെന്ന്

RNUTVPM

മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേജരിവാളിന്റെ ജാമ്യം ജനാധിപത്യത്തിന് ശുഭപ്രതീക്ഷ നല്കുന്നതാണെന്ന് കെപിസിസി അധ്യക്ഷൻ കെ.സുധാകരൻ പ്രതികരിച്ചു.

****************

## പ്രചാരണം

രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അവശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. നാലാം ഘട്ട തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം നാളെ

അവസാനിക്കും. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്ര, തെലങ്കാന സംസ്ഥാനങ്ങളിൽ പൊതുസമ്മേളനങ്ങളെ

അഭിസംബോധന ചെയ്യു.. കോൺഗ്രസ് നേതാക്കളായ പ്രിയങ്ക ഗാന്ധി, രാഹുൽ ഗാന്ധി എന്നിവർ

ഉത്തർപ്രദേശിൽ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

****************

## തിരഞ്ഞെടുപ്പ് കമ്മീഷൻ - കോൺഗ്രസ്

ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ടിങ് ശതമാനം പുറത്തു വിടുന്നതിലെ കാലതാമസം സംബന്ധിച്ച കോൺഗ്രസിന്റെ ആരോപണങ്ങൾ തള്ളി തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടിങ് ശതമാനം പുറത്തു വിടുന്നതിലെ കാലതാമസം

ആസൂത്രിതമാണെന്ന് കാണിച്ച് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയാണ് തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയത്. ആരോപണങ്ങൾ

അനാവശ്യമാണെന്നും ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്ന തരത്തിലുള്ള പ്രചാരണം നടത്തരുതെന്നും കമ്മീഷൻ അഭ്യർത്ഥിച്ചു.

****************

PNU TVPM

## നാല് വർഷ ബിരുദം

കേരളത്തിൽ ഈ അക്കാദമികവർഷം മുതൽ നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. ബിരുദ പഠന കോഴ്സുകളിൽ അടിസ്ഥാനപരമായി മാറ്റം വരുത്തുന്ന വിധത്തിലാണ് നാല് വർഷ കോഴ്സുകൾ തയ്യാറാക്കിയിരിക്കുന്നത്. മൂന്നുവർഷം കൊണ്ട് 133 ക്രെഡിറ്റുകൾ ആർജ്ജിച്ചാൽ വിദ്യാർത്ഥികൾക്ക് ബിരുദം നേടി പുറത്തിറങ്ങാം. നാലാം വർഷം ഗവേഷണാത്മക പ്രവർത്തനങ്ങളും ഇന്റേൺഷിപ്പും പ്രൊജക്റ്റുകളും ഉൾപ്പെടെ 177 ക്രെഡിറ്റ് ആർജ്ജിച്ചാൽ ഓണേഴ്സ് ബിരുദം ലഭിക്കും. മിടുക്കരായ വിദ്യാർത്ഥികൾക്ക് രണ്ടര വർഷം കൊണ്ട് ബിരുദം പൂർത്തീകരിക്കാനും ഇതിൽ അവസരമുണ്ട്. മെയ് 20ന് മുമ്പായി അപേക്ഷ ക്ഷണിക്കുമെന്നും ജൂൺ 15നകം ട്രയൽ റാങ്ക് ലിസ്റ്റും അവസാന റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ജൂൺ 20 മുതൽ പ്രവേശനം ആരംഭിക്കും.

****************

RNU TVPM

## കേരള പുരസ്കാരം

സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത പുരസ്കാരമായ 2024ലെ കേരള പുരസ്കാരങ്ങൾക്കു നാമനിർദേശം ക്ഷണിച്ചു. കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലാണു പുരസ്കാരങ്ങൾ നൽകുന്നത്. https://keralapuraskaram.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ജൂലൈ 31 വരെ നാമനിർദേശങ്ങൾ സമർപ്പിക്കാം. 2024ലെ കേരളപ്പിറവി ദിനത്തോടനുബന്ധിച്ചാണ് പുരസ്കാരങ്ങൾ പ്രഖ്യാപിക്കുക.

*****************

## ഡോ. വന്ദനാ ദാസ് : മന്ത്രി വീണാ ജോർജ്

ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ സർക്കാരിന്റേയും സമൂഹത്തിന്റേയും ഉത്തരവാദിത്തമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ജോലിക്കിടെ കൊല്ലപ്പെട്ട ഡോ. വന്ദനാ ദാസിനോടുള്ള ആദര സൂചകമായി കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് ഡോ. വന്ദനാ ദാസിന്റെ പേര് നൽകി സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ ആരോഗ്യ പ്രവർത്തകരുടേയും രോഗികളുടേയും ആശുപത്രികളുടേയും സുരക്ഷിതത്വം ഉറപ്പാക്കാനുള്ള കോഡ് ഗ്രേ പ്രോട്ടോകോൾ രാജ്യത്ത് ആദ്യമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളമെന്നും മന്ത്രി പറഞ്ഞു.

*****************

## കെ.സുരേന്ദ്രൻ

പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരെ വ്യാജ പ്രചാരണം നടത്തിയ കെപിസിസിക്കെതിരെ നടപടിയെടുക്കണമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. പ്രധാനമന്ത്രി സഞ്ചരിക്കുന്ന, സുരക്ഷ ഹെലികോപ്റ്ററുകൾ പണം കടത്താൻ ഉപയോഗിക്കുമെന്ന ആരോപണത്തിലൂടെ കോൺഗ്രസ് രാജ്യത്തിൻറെ സൈന്യത്തെയാണ് അപമാനിക്കുന്നതെന്നും വിഷയത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇടപെടണമെന്നും ശ്രീ കെ.സുരേന്ദ്രൻ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

*****************

PNUTVPM

## തിരുവനന്തപുരം - സൂര്യാഘാതമേറ്റ് മരണം

സംസ്ഥാനത്ത് വീണ്ടും സൂര്യാഘാതമേറ്റ് മരണം. തിരുവനന്തപുരം പാറശ്ശാല പ്ലാമുട്ടുകടയിൽ കെട്ടിടനിർമ്മാണ തൊഴിലാളിയായ ഫ്രാൻസിസ് ആണ് കുഴഞ്ഞുവീണ് മരിച്ചത്. ജോലി സ്ഥലത്ത് കുഴഞ്ഞു വീണ ഫ്രാൻസിസിന്റെ ശരീരമാകെ പൊള്ളിയ നിലയിലായിരുന്നു. ഉടൻ പാറശ്ശാല താലൂക്ക് ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഇടയ്ക്ക് വിശ്രമിച്ചശേഷമാണ് പണിയെടുത്തിരുന്നതെന്ന് ഒപ്പമുണ്ടായിരുന്ന തൊഴിലാളികൾ പറഞ്ഞു.

*****************

## മുങ്ങിമരണം

മലപ്പുറം മേൽമുറിയിൽ രണ്ടു കുട്ടികൾ ക്വാറിയിൽ മുങ്ങിമരിച്ചു. ബന്ധുവീട്ടിലെ വിവാഹച്ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ പുളിക്കൽ സ്വദേശി ഷരീഫിന്റെ മകൾ റഷ, പൂക്കോട്ടുപാടം സ്വദേശി ജംഷീറിന്റെ മകൾ ദിയ ഫാത്തിമ എന്നിവരാണു മരിച്ചത്. സഹോദരിമാരുടെ മക്കളാണ് മരിച്ച പെൺകുട്ടികൾ.

PNU TVPM

*****************

## സംസ്ഥാനം - മഴ

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് വയനാട് ജില്ലയിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ പത്തനംതിട്ട, ഇടുക്കി ജില്ലകളിലും മറ്റന്നാൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. ഇടിമിന്നൽ മുന്നറിയിപ്പുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതേസമയം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്

ജില്ലകളിൽ  താപനില 36°C വരെ ഉയരാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

*****************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. വൈകിട്ട് 7.30ന് അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് മത്സരം. പോയിൻറ് പട്ടികയിൽ ചെന്നൈ നാലാമതും, ഗുജറാത്ത് പത്താം സ്ഥാനത്തുമാണ്.

*****************

## ഓഹരി -സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.   ബോംബൈ ഓഹരി സൂചിക സെൻസെക്സ്
260 പോയിൻറ്  ഉയർന്ന്  72,664 -ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 97 പോയിൻറ്  ഉയർന്ന്  22,055 -ലും വ്യാപാരം  അവസാനിപ്പിച്ചു.
സ്വർണവിലയിൽ ഇന്ന് വർധനവ് രേഖപ്പെടുത്തി. ഗ്രാമിന് 85 രൂപ  കൂടി 6,700 രൂപയും പവന് 680 രൂപ വർധിച്ച് 53,600 രൂപയും ഇന്നത്തെ വില.

PIU TVPM

*****************

## മലപ്പുറം -വൈറൽ ഹെപ്പറ്റൈറ്റിസ് ബാധ

മലപ്പുറം  ജില്ലയിൽ റിപ്പോർട്ട് ചെയ്ത  വൈറൽ ഹെപ്പറ്റൈറ്റിസ് ബാധയ്ക്കെതിരെ  പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന്  ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ ആർ രേണുക . ഇന്ന് രാവിലെ ചാലിയാർ പഞ്ചായത്തിൽ രോഗം ബാധിച്ച്
ഒരാൾ  മരിച്ചിരുന്നു. ജില്ലയിൽ ഈ വർഷം ജനുവരി മുതൽ

3184 സംശയാസ്പദമായ വൈറൽ ഹെപ്പറ്റൈറ്റിസ് കേസുകളും 1032 സ്ഥിരീകരിച്ച കേസുകളുമാണ് റിപ്പോർട്ട് ചെയ്തത്. അതിൽ സംശാസ്പദമായ അഞ്ച് മരണങ്ങളും സ്ഥിരീകരിച്ച അഞ്ചു മരണങ്ങളും
ഉണ്ടായതായും മെഡിക്കൽ റിപ്പോർട്ടിൽ പറയുന്നു.

*****************

## പമ്പ- കൊച്ചുപമ്പ ഡാം

ശബരിമല മാസ പൂജയ്ക്കായി എത്തുന്ന ഭക്തരുടെ സ്നാനഘട്ടമായ പമ്പ ത്രിവേണിയിലെ ജലനിരപ്പ് താഴ്ന്നതിനാൽ ഇടവമാസ പൂജയുടെ പശ്ചാത്തലത്തിൽ പമ്പ, കൊച്ചുപമ്പ ഡാമുകൾ
തുറന്നുവിടാൻ പത്തനംതിട്ട ജില്ലാ കളക്ടർ ഉത്തരവായി. 13 ന് രാവിലെ ആറുമുതൽ 19 വരെ പ്രതിദിനം 25,000 ക്യുബിക്ക് മീറ്റർ വെള്ളം വീതമാണ് തുറന്നുവിടുന്നത്. ഈ സാഹചര്യത്തിൽ പമ്പാ ത്രിവേണിയിലെ ജലനിരപ്പ് ഏകദേശം അഞ്ച് സെന്റിമീറ്റർ ഉയരാനുള്ള സാധ്യതയുള്ളതിനാൽ വൃഷ്ടിപ്രദേശത്തുള്ളവർ ജാഗ്രത പാലിക്കണം.

RNI TVPM

*****************

## വയനാട്-കടുവ

വയനാട് തലപ്പുഴ ചിറക്കരയിൽ വയലിൽ കെട്ടിയിരുന്ന പശുക്കിടാവിനെ കടുവ കടിച്ച് കൊന്നു.

അത്തിക്കാപറമ്പിൽ എ പി അബ്ദുറഹ്മാന്റെ എട്ടുമാസം പ്രായമുള്ള പശുക്കിടാവിനെയാണ് കടുവ
കൊന്നത്. പ്രദേശത്ത് വനം വകുപ്പ് തിരച്ചിൽ നടത്തിയെങ്കിലും കടുവയെ കണ്ടെത്താനായില്ല.

*****************
*************
***